**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2689** **28-02-2023 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ കോളനികളിൽ പുതുതായി നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | വാമനപുരം മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം 2016-17 മുതൽ 2022-23 വരെ ഏതെല്ലാം കോളനികൾ നവീകരിക്കുന്നതിന് എത്ര തുക അനുവദിച്ചിട്ടുണ്ടെന്നുള്ള വിവരം വർഷം തിരിച്ച് വിശദമാക്കുമോ; പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി വ്യക്തമാക്കുമോ; | (എ) | വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ കോളനികളിൽ പുതുതായി നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ? | (ബി) | **<u>പട്ടികജാതി വികസന വകുപ്പ്</u>**<br><br>2022-23 വർഷത്തിൽ അംബേദ്കർ ഗ്രാമ വികസന പദ്ധതിയ്ക്ക് അംഗീകാരം ലഭിയ്ക്കുന്ന മുറയ്ക്ക് എം.എൽ.എ ശിപാർശ ചെയ്യുന്ന രണ്ട് കോളനികളെ തെരഞ്ഞെടുത്ത് വികസന പ്രവർത്തനങ്ങൾ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>**<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>**<br><br>വാമനപുരം മണ്ഡലത്തിൽ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി അംഗീകാരത്തിനായി നെടുമങ്ങാട് ഐ.ടിഡി പ്രോജക്ട് ഓഫീസർ സമർപ്പിച്ചിട്ടുള്ള ചുവടെ പറയുന്ന 4 പദ്ധതികൾ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തിന് വിധേയമായി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു വരുന്നു.<br><br>1.നീർപ്പാറ കോളനി കുടിവെള്ള പദ്ധതി ആകെ - 63,07,119/- രൂപ<br><br>2.നീർപ്പാറ കോളനി റോഡ് കോൺക്രീറ്റിംഗ് ആകെ - 20,00,000/- രൂപ<br><br>3.പോട്ടോമാവ് സാംസ്കാരിക നിലയം അരിപ്പ റോഡ് കോൺക്രീറ്റിംഗ് ആകെ - 23,00,000/- രൂപ<br><br>4.കാട്ടിലക്കുഴി-കൊന്നമൂട് റോഡ് കോൺക്രീറ്റിംഗ് ആകെ - 25,00,000/- രൂപ |

സെക്ഷൻ ഓഫീസർ

## <u>അനുബന്ധം</u>

### <u>പട്ടികജാതി വികസന വകുപ്പ്</u>

| ക്രമ നം | കോളനിയുടെ പേര് | വർഷം | അനുവദിച്ച തുക | പുരോഗതി |
|---|---|---|---|---|
| 1 | ശാസ്താംനട പെരിങ്ങമ്മല കോളനി | 2016-2017 | 98,07,440/- | പദ്ധതി പൂർത്തീകരിച്ചു. ഉദ്ഘാടനം കഴിഞ്ഞു. |
| 2 | ഏരുമല പട്ടികജാതി കോളനി | 2016-2017 | 88,46,422/- | പദ്ധതി പൂർത്തീകരിച്ചു. ഉദ്ഘാടനം കഴിഞ്ഞു. |
| 3 | വടക്കേക്കോണം കോളനി | 2019-2020 | 10,00,000/- | കമ്മ്യൂണിറ്റി ഹാളിന്റെ പ്രവർത്തി നടന്നു വരുന്നു. ടി പദ്ധതിയുടെ 50% പണി പൂർത്തിയാക്കി. |
| 4 | വെട്ടുവിള പട്ടികജാതി കോളനി | 2021-2022 | 20,00,000/- | എസ്റ്റിമേറ്റ് അംഗീകരിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| 5 | വെള്ളരിക്കോണം പട്ടികജാതി കോളനി | 2021-2022 | 20,00,000/- | |

### <u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>

| ക്രമ നം | സെറ്റിൽമെന്റിന്റെ പേര് | വർഷം | അനുവദിച്ച തുക | പുരോഗതി |
|---|---|---|---|---|
| 1 | താന്നിമൂട് | 2017-2018 | 47,20,000/- | കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം പൂർത്തിയായി. മൂന്ന് ഇന്റർലോക്ക് റോഡുകളിൽ ഒരു റോഡിന്റെ പ്രവർത്തി ആരംഭിച്ചില്ല. മറ്റ് രണ്ട് റോഡുകൾ നിർമ്മാണം പൂർത്തിയാക്കി. ജലവിതരണ പദ്ധതി പൂർത്തിയാക്കി. സൈഡ് വാൾ നിർമ്മാണം പൂർത്തിയായില്ല. |
| 2 | ചെട്ടിയെകൊന്നകയം | 2017-2018 | 46,78,158/- | കമ്മ്യൂണിറ്റിഹാൾ, റോഡ് കോൺക്രീറ്റ്, റോഡ് ഇന്റർലോക്ക് എന്നിവയുടെ നിർമ്മാണം പൂർത്തിയായി. സൈഡ് വാൾ നിർമ്മാണം ആരംഭിച്ചില്ല. |